പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3511 — 11-12-2018-ലെ മറുപടിയ്ക്ക്

# വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൊയിലാണ്ടി, പേരാമ്പ്ര വെളിയന്നൂർ ചല്ലിയിൽ കൃഷിയിറക്കിയ കർഷക ഗ്രൂപ്പുകൾക്ക് മഴ കാരണം നെൽകൃഷി നശിച്ചതിനാൽ ഭീമമായ നഷ്ടം സംഭവിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കർഷകർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം നൽകാൻ കഴിയാത്തതിനുള്ള കാരണം പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | (ബി) | ഉണ്ട്.<br>വെളിയന്നൂർ ചല്ലിയിലെ അരിക്കുളം കൃഷിഭവൻ പരിധിയിൽ വരുന്ന ഒരവുങ്കൽ പാടശേഖര സമിതിക്ക് 50 ഏക്കർ നെൽകൃഷി നശിച്ചതിന്റെ 7 ലക്ഷം രൂപയുടെയും, ഊരള്ളൂർ പാടശേഖര സമിതിയിലെ 36.25 ഏക്കർ നെൽകൃഷി നാശം ഉണ്ടായതിന്റെ നഷ്ടപരിഹാരം 5,07,500/- രൂപയുടെയും, അപേക്ഷകൾ നഷ്ടപരിഹാരം നൽകുന്നതിനായി പരിഗണിച്ചു വരുന്നു. വെളിയന്നൂർ ചല്ലിയിലെ കൊയിലാണ്ടി കൃഷിഭവൻ പരിധിയിൽ വരുന്ന മുഴിക്കമീത്തൽ പാടശേഖര സമിതിക്ക് 2.4 ഏക്കർ കൃഷി നാശമുണ്ടായതിന്റെ 84,000/- രൂപയും , ഒറ്റക്കണ്ടം പാടശേഖര സമിതിക്ക് രണ്ട് ക്ലെയിമുകളിലായി 1.14 ഹെക്ടർ കൃഷി നാശത്തിന് 39,900/- രൂപയും 4.46 ഹെക്ടർ കൃഷിനാശത്തിന് 1,56,100/- രൂപയും അനുവദിക്കുന്നതിനായുള്ള നടപടിക്രമം തയ്യാറായിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുള്ള നടപടി ജില്ലാതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വെളിയന്നൂർ ചല്ലിയിൽ നെൽകൃഷിക്കായി നിലമൊരുക്കലിന്റെ ഭാഗമായി തോട് വെട്ടിയതിന് കർഷകർക്ക് ചെലവായ തുക ഏതെങ്കിലും | (സി) | വെളിയന്നൂർ ചല്ലി കൃഷിയോഗ്യമാക്കുന്നതിന് വേണ്ടി ഏകദേശം 4.കി.മീറ്റർ നീളത്തിൽ പാടശേഖരങ്ങളുടെ ആഭിമുഖ്യത്തിൽ ഒരു തോട് നിർമ്മിച്ചതിന്ചെലവ് വന്ന 7.5 ലക്ഷം രൂപയിൽ 3.5 ലക്ഷം രൂപ കഴിഞ്ഞ വർഷത്തെ ആത്മ |

| | | | |
|---|---|---|---|
| | പദ്ധതിയിൽ ഉൾപ്പെടുത്തി തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ടി പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ? | | ഡിസ്ട്രിക്ട് സ്പെസിഫിക് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. വളരെ കാര്യക്ഷമമായി തരിശ് ഭൂമി കൃഷിയോഗ്യമാക്കാൻ മുന്നിട്ടിറങ്ങിയ പാടശേഖരങ്ങളുടെ ബാക്കി തുക നൽകുന്നതിനായി ഒരു പ്രോജക്ട് തയ്യാറാക്കി 2018-19 വർഷത്തെ നെൽകൃഷി വികസന പദ്ധതിയിലെ ഇന്നവേഷൻ ഫണ്ട് ഇനത്തിൽ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് സമർപ്പിക്കാൻ കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ